● പ്രതികരണം

**കോള ഫാക്ടറി പ്ലാച്ചിമടയിൽ നാല് വർഷമായി അടഞ്ഞുകിടക്കുകയാണ്. അപ്പോൾ ഇനിയെന്തിന് പ്ലാച്ചിമട സമരം? പലരും ചോദിക്കാറുള്ള ഈ ചോദ്യം വിശദീകരിക്കപ്പെടേണ്ടതുണ്ട്. പാഠഭേദം മാസിക 2008 ഫെബ്രുവരി ലക്കം എഡിറ്റോറിയലിലും ഈ ചോദ്യം ഉന്നയിച്ചിരുന്നു.**


# പ്ലാച്ചിമടയിലെ യാഥാർത്ഥ്യങ്ങൾ തിരിച്ചറിയുക

റോബിൻ

2002 ഏപ്രിൽ 22ന് ഭൂമിദിനത്തിൽ കൊക്കകൊള കമ്പനിക്കെതിരെ പ്ലാച്ചിമട നിവാസികൾ സമരം തുടങ്ങിയപ്പോൾ അവർ ഉന്നയിച്ചിരുന്ന പ്രധാന ആവശ്യം തങ്ങളുടെ കുടിവെള്ളം മലിനീകരിച്ച കോളകമ്പനി അടച്ചുപൂട്ടി നഷ്ടപരിഹാരം നൽകണമെന്നതായിരുന്നു (സംശയനിവാരണത്തിനായി 2002ൽ സമരസമിതി പുറത്തിറക്കിയ നോട്ടീസ് പരിശോധനക്കായി ലഭ്യമാണ്). പ്ലാച്ചിമട സമരത്തിന് ആസ്പദമായിരുന്ന പ്രശ്നങ്ങൾ എന്തെല്ലാമായിരുന്നു? അത് പരിഹരിക്കപ്പെട്ടിട്ടുണ്ടോ? കുടിവെള്ള മലിനീകരണവും അമിത ജലചൂഷണവുമായിരുന്നു സമരം തുടങ്ങാനുള്ള മുഖ്യകാരണങ്ങൾ. (അപകടകരമായ ഖരമാലിന്യങ്ങൾ വളം എന്ന പേരിൽ കമ്പിനി കർഷകർക്ക് നൽകിയത് പിന്നീട് തിരിച്ചറിഞ്ഞിരുന്നു). കമ്പിനിയിൽ കഴിഞ്ഞ നാലുവർഷമായി ഉത്പാദനം നടക്കുന്നില്ലെങ്കിലും സമരം ഉന്നയിച്ച ആവശ്യങ്ങൾ ഇനിയും നേടിയിട്ടില്ല. ഇപ്പോഴും കമ്പിനി പരിസരത്തെ (വിജയനഗർ, പ്ലാച്ചിമട) കോളനികളിലെ കിണർ വെള്ളം കുടിക്കാൻ യോഗ്യമല്ല. പലയിടത്തും തുണി അലക്കുന്നതിനോ കൃഷി നനക്കുന്നതിനോ ഈ വെള്ളം ഉപയോഗിക്കാൻ കഴിയുന്നില്ല. അതിനർത്ഥം ആദിവാസികൾ ഉൾപ്പെട്ട പ്രദേശവാസികൾ ആറു വർഷമായി ഉന്നയിക്കുന്ന പ്രശ്നങ്ങൾ ഇപ്പോഴും നിലനിൽക്കുന്നുവെന്നും പരിഹാരം കണ്ടെത്തിയിട്ടില്ലാ എന്നുമാണ്. പ്ലാച്ചിമട പ്രദേശത്തെ വിവിധ കോളനികൾ ഇപ്പോഴും സർക്കാറിന്റെ കുടിവെള്ള ലോറികളെയാണ് ദൈനംദിന ആവശ്യങ്ങൾക്കായി ആശ്രയിക്കുന്നത്. തദ്ദേശവാസികൾക്കുണ്ടായ തൊഴിൽ നഷ്ടം, ആരോഗ്യനഷ്ടം, സാമൂഹികനഷ്ടം ഇക്കാര്യങ്ങളൊക്കെ അറിഞ്ഞുകൊണ്ട് കുറ്റകൃത്യംചെയ്ത കോളകമ്പിനിയുടെ ക്രൂരതക്ക് മുമ്പിൽ, നീതിപൂർവം പരിശോധിക്കുമ്പോൾ പരിഹരിക്കാവുന്നതും പരിഹരിക്കേണ്ടതും പരിഹരിക്കാനാകാത്തതുമായ നഷ്ടങ്ങൾ അവിടെ നിലനിൽക്കുന്നു.

പാഠഭേദം ചോദിക്കുന്നു 'അങ്ങിനെയെങ്കിൽ പ്ലാച്ചിമട സമരം ഇനിയും തുടർന്നുപോകുന്നതിന് എന്ത് ന്യായീകരണമാണുള്ളത്? ഫാക്ടറി മാസങ്ങളായി അടഞ്ഞുകിടക്കുകയാണ്. കൊക്കകോള പുറത്ത് വിപണിയിലുണ്ടെങ്കിലും ഫാക്ടറുയിൽ ഉത്പാദനം നടക്കുന്നില്ല. ഫാക്ടറിയിൽ ഉത്പാദനം നടക്കാത്തത് കൊണ്ട് ജലചൂഷണവും ഇല്ല. പിന്നെന്തിനാണ് ഫാക്ടറി പടിക്കലൊരു സമരപ്പന്തലും പന്തലിൽ കുറച്ചു ആദിവാസുകളും. ഫാക്ടറിയിലെ ഉത്പാദനം പാലക്കാട്ടെതന്നെ മാമ്പഴത്തിൽനിന്നുള്ള മാമ്പഴച്ചാറായി മാറ്റുകയാണെങ്കിൽ എന്തിനതിനെ സമരസമിതി നിരുപാധികം എതിർക്കണം?"

നമുക്ക് വീണ്ടും പ്ലാച്ചിമടയിലേക്ക്




പോകാം. കമ്പിനി താൽക്കാലികമായിട്ടാണെങ്കിലും ഉത്പാദനം നിറുത്തിയത് ഈ ബഹുരാഷ്ട്രഭീമനെതിരായ ജനകീയസമരത്തിന്റെ ഐതിഹാസിക വിജയം തന്നെയാണ്. സമരം ഉയർത്തിയ ജനവികാരവും പെരുമാട്ടി പഞ്ചായത്തിന്റെ കേസും മൂലം കമ്പിനി ഇനിയും അടഞ്ഞുകിടന്നേക്കാം. എന്നാൽ കമ്പിനി പൂട്ടിപ്പോയിട്ടില്ല, എന്നെന്നേക്കുമായി പ്രവർത്തനം നിലച്ചിട്ടില്ല. കോളകമ്പനി ചെയ്ത കുറ്റങ്ങൾക്ക് നഷ്ടപരിഹാരം ലഭിച്ചിട്ടുമില്ല. അമിത ജലചൂഷണത്തോടൊപ്പം ജലം മലിനമാക്കപ്പെട്ടതിന്റെയും ഖരമാലിന്യത്തിന്റെയും പ്രശ്നങ്ങൾ പ്ലാച്ചിമട നിവാസികൾ സമരത്തിന്റെ തുടക്കം മുതൽ ഉന്നയിച്ചിരുന്നുവെങ്കിലും വേണ്ടവിധം പരിഗണിക്കപ്പെട്ടില്ല. കൂടിയ അളവിൽ മഴ കിട്ടിയിട്ടും, കിണറുകളിൽ വെള്ളം ഉണ്ടായിട്ടും, കോളനിവാസികൾക്ക് അതുപയോഗിക്കാൻ കഴിയാത്തത് എന്ത് കൊണ്ടാണെന്ന് ദയവായി പ്ലാച്ചിമടയിൽനിന്നും മനസിലാക്കുക. പ്ലാച്ചിമട ഉന്നയിച്ചതും പൊതുസമൂഹം പിന്തുണച്ചതുമായ പ്രശ്നങ്ങൾ പരിഹരിക്കപ്പെടാത്തതുകൊണ്ടുതന്നെയാണ് സമരം ഇപ്പോഴും തുടരുന്നത്.

കോളവിരുദ്ധ സമരത്തിൽ പങ്കെടുത്ത അനേകം സംഘടനകളുടെയും പാർട്ടികളുടെയും വ്യക്തികളുടെയും ലക്ഷ്യങ്ങളിലും താൽപര്യങ്ങളിലും നമുക്ക് സംശയങ്ങളും വിയോജിപ്പുകളുമുണ്ടാകാം. പ്ലാച്ചിമട ഐക്യദാർഢ്യ പ്രവർത്തനത്തിലെ സംഘടനകളോ സ്ഥാപനങ്ങളോ വ്യക്തികളോ തമ്മിലുള്ള സംഘട്ടനങ്ങൾ തികച്ചും സ്വാഭാവികവും സാധാരണവുമാണ്. എന്നാൽ ഇപ്പോഴും തുടരുന്ന, പ്ലാച്ചിമടക്കാർ ഉന്നയിച്ച ആവശ്യങ്ങൾ ലക്ഷ്യം നേടുന്നതിനും പ്ലാച്ചിമടകൾ ആവർത്തിക്കാതിരിക്കുന്നതിനും വിവിധ തലങ്ങളിൽ വ്യത്യസ്ത തരത്തിൽ കുട്ടായ ലക്ഷ്യങ്ങളോടെയുള്ള വിശാലമായ പ്രവർത്തനങ്ങൾ ആവശ്യമുണ്ട്. പ്ലാച്ചിമട സമരം ഉന്നയിക്കുന്ന മറ്റാവശ്യങ്ങൾ നേടുന്നത് പ്ലാച്ചിമടക്കാർക്കുവേണ്ടി മാത്രമല്ല നമുക്കോരോരുത്തർക്കുകൂടി വേണ്ടിയാണ്. അതായത് അടിസ്ഥാന പ്രകൃതിവിഭവങ്ങളിൽ നിയമപരിരക്ഷയോടുകൂടിയുള്ള പരമാധികാരം ഗ്രാമസഭകൾക്ക് ലഭിക്കുകയും, ഭൂജല, മലിനീകരണ നിയന്ത്രണനിയമങ്ങളിൽ ആവശ്യമായ നിയമനിർമാണം നടത്തുകയും നിതാന്തജാഗ്രതയുമാണ് വേണ്ടത്. ഇത് നേടിയിട്ടില്ല. അതുകൊണ്ട് പ്ലാച്ചിമട സമരം വിജയിച്ചിട്ടുമില്ല. ഇത് ആദിവാസികളുടേയോ തദ്ദേശവാസികളുടേയോ മാത്രം പ്രശ്നമല്ല.

അതുകൊണ്ട് ഒരു കുറ്റകൃത്യം ചെയ്ത കോളയെ അവരുണ്ടാക്കിയ പ്രശ്നം ആദ്യമേ പരിഹരിക്കാൻ സന്നദ്ധമാക്കിയിട്ടുപോരേ മാമ്പഴച്ചാർ ഫാക്ടറി സ്ഥാപിക്കുന്നതിനായി പരിഗണിക്കുന്നത്. ഒരു കോർപറേറ്റ് ബലാത്കാരം ഇതിനകം നടത്തിയ കോളകമ്പിനിയെതന്നെ ഉപാധികളോടെ വീണ്ടും സ്വീകരിക്കണമെന്ന് പറയുന്നതിൽ എന്ത് നീതിയാണുള്ളത്. പ്രത്യേകിച്ച് ഇപ്പോൾ ചെയ്ത് കുറ്റങ്ങൾതന്നെ അവർ ഏറ്റെടുത്ത് പരിഹരിക്കാൻ സന്നദ്ധമാകാത്ത് സ്ഥിതിക്ക്?

മാവൂരിൽനിന്നും പ്ലാച്ചിമട പഠിക്കേണ്ടതുണ്ട് എന്നാണല്ലോ പാഠഭേദത്തിന്റെ വാദം. എന്താണ് മവൂരിന് സമാനമായി പ്ലാച്ചിമടയിലുള്ളത്? "മാവൂരിന്റെ നിർഭാഗ്യകരമായ പരാജയം പ്ലാച്ചിമടയിൽ ആവർത്തിക്കരുത് എന്നതാണ് പഠിക്കേണ്ട ഒന്നാം പാഠം" എന്നാണെങ്കിൽ സമരലക്ഷ്യം ഉപേക്ഷിച്ച് സ്വയം പരാജയം ഏറ്റുവാങ്ങി ഒളിച്ചോടണമെന്നല്ലല്ലോ അതിന്റെ അർത്ഥം. വിജയിക്കാവുന്ന, ലക്ഷ്യം നേടി വിജയിക്കാവുന്ന ഈ സമരം പിൻവാങ്ങി പരാജയപ്പെടുത്താൻ, ഇപ്പോൾ അവസാനിപ്പിക്കാൻ, ഒരു ന്യായീകരണവും, നൈതികമായ ഒരവകാശവുമില്ല. കണ്ണടച്ച് ഇരുട്ടാക്കാം. സമരം വിജയിച്ചില്ലെങ്കിലും വിജയിച്ചതായി കരുതി ആത്മവഞ്ചന നടത്താം. പക്ഷേ, അവ്യക്തതയിൽനിന്നോ ആശയക്കുഴപ്പത്തിൽനിന്നോ കാപട്യത്തിൽനിന്നോ വിദൂരനോട്ടത്തിൽനിന്നോ അല്ല, യാതനാപൂർണമായ ജീവിതയാഥാർത്ഥ്യങ്ങളിൽനിന്നും പോരാട്ടത്തിലൂടെ, സമരത്തിലൂടെയുള്ള നീതിതേടലല്ലേ ചരിത്രത്തിൽനിന്നും നമുക്ക്പഠിക്കാവുന്ന പാഠം.

സമരം ഉന്നയിച്ച പ്രശ്നങ്ങൾ തീക്ഷ്ണമായി തുടരുന്നു എന്നറിയാൻ പ്ലാച്ചിമടയിലെ യാഥാർത്ഥ്യങ്ങളിലേക്ക് താൽപര്യമുള്ളവരെയും, പാഠഭേദത്തെയും സ്നേഹപൂർവം ക്ഷണിക്കുന്നു.

*പി.ബി. 100, തൃശൂർ-1*